തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

129(2041) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ; ഇവരിൽ നിന്നും അംശദായമായി ഒരു വർഷം ബോർഡിന് ലഭിക്കുന്ന തുകയെത്ര ;

(ബി) ഒരു വർഷം അംശദായമായി ലഭിക്കുന്ന തുകയുടെ എത്ര ശതമാനമാണ് സർക്കാർ വിഹിതമായി ബോർഡിന് നൽകുന്നത് ;

(സി) ക്ഷേമനിധി ബോർഡ് നിലവിൽ വന്നശേഷം ഓരോ വർഷവും സർക്കാർ വിഹിതമായി ഇതുവരെ നൽകിയ തുക എത്രയാണ് ;

(ഡി) ബോർഡിന് ഇതുവരെ സർക്കാർ വിഹിതമൊന്നും നൽകിയിട്ടില്ലെങ്കിൽ നൽകാതിരിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; സർക്കാർ വിഹിതം അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ബോർഡിൽ അംഗമായിട്ടുള്ള 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ടോ ; എങ്കിൽ ഇതുവരെ എത്ര പേർക്ക് പെൻഷൻ നല്കി; ഒരാളിന് പെൻഷനായി മാസംതോറും നൽകുന്ന തുകയെത്രയാണ് ; ഇതിനായി പ്രത്യേക സാമ്പത്തിക സഹായം സർക്കാർ ബോർഡിന് നൽകുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 1,80,932 അംഗങ്ങൾ 1998-1999 ൽ 167.62 ലക്ഷം രൂപ ലഭിച്ചു.

(ബി) തൊഴിലാളികളിൽ നിന്നും അംശദായമായി ലഭിക്കുന്ന തുകയുടെ പത്ത് ശതമാനമാണ് സർക്കാർ വിഹിതമായി നൽകേണ്ടത്.

(സി)

1995-1996	1,00,000.00 രൂപ
1996-1997	27,240.00 രൂപ
1997-1998	1,00,000.00 രൂപ
1998-1999	1,00,000.00 രൂപ
ആകെ	3,27,240.00 രൂപ

(ഡി) ബോർഡിന് സർക്കാർ വിഹിതം നൽകിയിട്ടുണ്ട്.

(ഇ) പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് ഇപ്പോൾ പെൻഷൻ നൽകുന്നില്ല. പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly